**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2404** **12-12-2022 - ൽ മറുപടിയ്ക്ക്**

**അർഹത ഇല്ലാത്തവർ റേഷൻ സാധനങ്ങൾ വാങ്ങിയതിനുള്ള പിഴ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അർഹതാ മാനദണ്ഡങ്ങൾക്ക് പുറത്തുള്ളവർ റേഷൻ സാധനങ്ങൾ വാങ്ങിയതിന് സപ്ലൈ ഓഫീസുകളിൽ പിഴ ഈടാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട്. മുൻഗണനാപട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി, അർഹരായവർക്ക് അവസരമുറപ്പാക്കുന്നതിനായി അനർഹമായി കൈവശം വച്ച മുൻഗണനാ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് 2021 ജൂലൈ 15 മുതൽ 2022 മാർച്ച് 31-വരെ അവസരം നൽകിയിരുന്നു. ദീർഘകാലത്തെ ടി അവസരം പ്രയോജനപ്പെടുത്താതെ വീണ്ടും അനർഹമായ കാർഡുകൾ കൈവശം വച്ചിരുന്നവരിൽ നിന്നാണ് പിഴ ഈടാക്കുന്ന നടപടികൾ സ്വീകരിച്ചത്. ആയതിൽ ഏതെങ്കിലും വിഭാഗത്തിന് പ്രത്യേക ഇളവ് നൽകേണ്ട സാഹചര്യമില്ല. |
| (ബി) | അർഹതാ മാനദണ്ഡങ്ങൾക്ക് പുറത്തുള്ളവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കാർഡ് ഉടമകൾക്ക് പിഴ അടക്കുന്നതിൽ പ്രത്യേക ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ